മാതൃഭൂമി

31 January 2017

# കടലറിവുകൾ തുറന്നിട്ട് സി.എം.എഫ്.ആർ.ഐ.

**കൊച്ചി:** ആഴക്കടലിന്റെ വിസ്മയങ്ങൾ അനാവരണം ചെയ്യുന്ന ശാസ്ത്ര-ഗവേഷണ പഠനങ്ങൾ ഇനി പൊതുജനങ്ങൾക്കും അറിയാം. സപ്തതി ആഘോഷത്തിന്റെ നിറവിൽ നിൽക്കുന്ന വേളയിലാണ് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) ഈ മേഖലയിൽ വർഷങ്ങളുടെ പഠനത്തിലൂടെ കണ്ടെത്തിയ കടൽ രഹസ്യങ്ങൾ പൊതുജനങ്ങളെ ആകർഷിക്കുന്ന വിധത്തിൽ പ്രദർശിപ്പിക്കുന്നത്.

70-ാമത് സ്ഥാപക ദിനം ആഘോഷിക്കുന്ന ഫെബ്രുവരി മൂന്നിനാണ് സി.എം.എഫ്.ആർ.ഐ. പൊതുജനങ്ങൾക്കായി പ്രദർശനമൊരുക്കുന്നത്.

ആയിരത്തോളം മത്സ്യയിനങ്ങളും സമുദ്ര ജൈവവൈവിധ്യങ്ങളും അടങ്ങുന്ന നാഷണൽ മറൈൻ ബയോ ഡൈവേഴ്സിറ്റി മ്യൂസിയമാണ് പ്രധാന ആകർഷണം. തിമിംഗില സ്രാവ്, ഡോൾഫിൻ, കടൽ പശു, സൺ ഫിഷ്, വിഷമത്സ്യങ്ങൾ, പെൻഗ്വിൻ, കടൽ പാമ്പുകൾ, നക്ഷത്ര മത്സ്യങ്ങൾ, കടൽകുതിര, വിവിധയിനം ശംഖുകൾ തുടങ്ങി കടലിലെ വൈവിധ്യമായ സസ്യ-ജന്തുജാലങ്ങളുടെ ശേഖരം മ്യൂസിയത്തിൽ ഉണ്ട്.

കൂടാതെ, സമുദ്ര അലങ്കാര മത്സ്യങ്ങളുടെ അക്വേറിയം, ഹാച്ചറി, സാങ്കേതിക വിദ്യകളുടെ വിവരങ്ങൾ പ്രദർശിപ്പിക്കുന്ന ആറ്റിക്, വിവിധയിനം ലബോറട്ടറികൾ തുടങ്ങിയവയും സന്ദർശകർക്കായി തുറന്നിടും. കടൽജീവികളിൽ നിന്നുള്ള ഔഷധ നിർമാണം, മത്സ്യങ്ങളുടെ വയസ്സ് നിർണയിക്കുന്ന പരീക്ഷണങ്ങൾ എന്നിവ നടക്കുന്ന ലാബുകളും സന്ദർശിച്ച് വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും അറിവ് നേടാനുള്ള അവസരമുണ്ടാകും.

പ്രവേശനം സൗജന്യമാണ്. വെള്ളിയാഴ്ച രാവിലെ 10 മുതൽ നാല് വരെയാണ് സന്ദർശന സമയം. സപ്തതി ദിനാഘോഷത്തോടനുബന്ധിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷ പരിപാടികളുടെ ഉദ്ഘാടനം ഫെബ്രുവരി 18 ന് ഗവർണർ ജസ്റ്റിസ് പി. സദാശിവം നിർവഹിക്കും.